പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 644 12-07-2012-ൽ മറുപടിയ്ക്ക്

**പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പ്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്ജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ശാരീരിക വൈകല്യമുള്ളവർക്കായി ബാംഗ്ലൂരിൽ വച്ച് നടത്തപ്പെട്ട പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്ന് എത്ര പേർ മത്സരിച്ചെന്ന് പേരും മേൽവിലാസവും സഹിതം വെളിപ്പെടുത്താമോ ;<br><br>(ബി) ഇവർ ഏതെല്ലാം ഇനങ്ങളിൽ മത്സരിച്ചെന്നും എത്ര മെഡൽ കരസ്ഥമാക്കിയെന്നും വ്യക്തമാക്കുമോ ;<br><br>(സി) പാരാലിംപിക് ദേശീയ ചാമ്പ്യൻഷിപ്പിൽ കേരളത്തിൽ നിന്ന് മത്സരിച്ചവരിൽ എത്ര പേരെ 2013-ൽ ജർമ്മനിയിൽവെച്ച് നടത്തുന്ന പാരാലിംപിക്സിലേയ്ക്ക് തെരഞ്ഞെടുത്തു; ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദാംശങ്ങൾ നൽകുമോ ;<br><br>(ഡി) ഇപ്രകാരം കേരളത്തിന് അഭിമാനകരമായി മെഡൽ നേട്ടം കൈവരിച്ച കായിക താരങ്ങൾക്ക് അർഹമായ അംഗീകാരം നൽകുന്നതിനും വിദഗ്ദ്ധ പരിശീലനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ? | (എ), (ബി), (സി) & (ഡി) പാരാലിംപിക് സ്പോർട്സുമായി ബന്ധപ്പെട്ട സംഘടനകൾക്ക് ഒന്നിനും കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടില്ല. ഇക്കാരണത്താൽ ശാരീരിക വൈകല്യമുള്ള കായിക താരങ്ങളുടെ കായിക മികവിന് അംഗീകാരം നൽകുവാനുദ്ദേശിച്ചിട്ടുള്ള പുതിയ പ്രത്യേക പദ്ധതികളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ശാരീരിക വൈകല്യത്തെ അതിജീവിച്ച് ലോക ആം-റെസ്ലിംഗ് ചാമ്പ്യനായ ശ്രീ.ജോബി മാത്യുവിന് പ്രത്യേക അവാർഡായി 2 ലക്ഷം രൂപ നൽകുകയുണ്ടായി. അംഗവൈകല്യമുള്ള കുട്ടികൾക്കിടയിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പുതിയ കരട് സ്പോർട്സ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ